


# വേനലും വർഷവും

അങ്ങനെ അവസാന പരീക്ഷയും കഴിഞ്ഞിരിക്കുന്നു. കാഠിന്യമേറിയ വേനലിന്റെയും പരീക്ഷയുടെയും സമ്മർദങ്ങളെ വകച്ച് മാറ്റാൻ തക്ക ശക്തമായ ഏതോ ചില ഓർമകൾ ഞങ്ങളെ കലാലയത്തിൽ ഒരുമിച്ചുകൂട്ടി. മുമ്പ് ലോങ് ബെല്ലോടെ വീട്ടിലേക്കോടിയിരുന്ന ഞങ്ങൾ ഇന്ന് അതിനാവാതെ പരസ്പരം നിസ്സംഗരായി നോക്കി നിന്നു. നീണ്ട ചുവരുകളും വെൺമയാർന്ന തൂണുകളും പൊളിഞ്ഞ ബെഞ്ചുകളും ചുറ്റുമതിലും എല്ലാം ജീവസ്സുറ്റതായി കാണപ്പെട്ടു. പ്രകൃതിയും ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നിരുന്നുവോ?

മാനം പതുക്കെ പതുക്കെ കനത്തു തുടങ്ങി. പല മുഖങ്ങളും മേഘാവൃതമായി. ചില മേഘങ്ങൾ പെയ്തു. കയ്പ്പും മധുരവും ചേർന്ന കലാലയ ജീവിതത്തിലെ പൊയ്പ്പോയ ഓർമ്മകൾ പലതും ഞങ്ങളെ വേട്ടയാടി. അനിവാര്യമായ യാത്ര പറച്ചിലിന്റെ അദൃശ്യമായ വിങ്ങൽ ചുറ്റും മുഴങ്ങി. കൂടെ നടന്ന ഒത്തിരി ഓർമകൾ അയവിറക്കിക്കൊണ്ട് കലാലയം വിടുമ്പോൾ ദുർഗയും ജോഷ്വയും വൈഷ്ണവും ആദിലും ഷാജിയും ആൻഡ്ര്യൂസും ദീപയും സ്വാതിയും തുടങ്ങിയ ഞങ്ങളുടെ കലാലയക്കൂട്ടം അവസാനമായി കണ്ടു പിരിഞ്ഞു. വാക്കുകൾക്കപ്രാപ്യമായ ആശയങ്ങളും വേവലാതികളും മൗനത്തിന്റെ സംഗീതത്തിലൂടെ ഞങ്ങൾ പരസ്പരം കൈമാറി. വേദന പങ്കുവെച്ചു.

കഴിഞ്ഞ കാലത്തിന്റെ ഓർമകൾ ആവാഹിച്ച് തിരിച്ച് വീട്ടിലേക്ക് നടന്നപ്പോഴേക്കും നേരം സന്ധ്യയോടടുത്തിരുന്നു. കീറാതെ അവശേഷിച്ച പാന്റ്സിന്റെ കീശയിൽ എന്തോ തടയുന്നു. ജോഷ്വയുടെ പക്കൽ നിന്നും എഴുതാൻ വാങ്ങിച്ച അവന്റെ പാർക്കർ പേന തിരികെ നൽകാൻ മറന്നല്ലോ. അവന്റെ അച്ഛൻ കഴിഞ്ഞ ക്രിസ്മസിന് മേടിച്ചു കൊടുത്തതാണത്. ഉദ്ദേശ്യം നല്ല വിലയുണ്ട്. അവനത് ജീവനാണ്. അത് തിരികെ നൽകിയേ മതിയാവൂ.

വീണ്ടും കലാലയത്തിലേക്ക് ഒട്ടും ചിന്തിക്കാതെ തിരിച്ചോടി. ഇപ്പോൾ ഒരു നൂറ്റാണ്ടിനപ്പുറം നിന്ന് വരുന്നതുപോലെ സ്കൂൾ അപരിചിതമായി അനുഭവപ്പെട്ടു. ആളൊഴിഞ്ഞ വരാന്തയിൽ അവന്റെ വരവും പ്രതീക്ഷിച്ച് ഞാനിരുന്നു. സമയം ഇറ്റിറ്റ് വീണു. ദൂരേ സൂര്യൻ പടിഞ്ഞാറേ മാനത്ത് താഴ്ന്നു മറഞ്ഞു. ജോഷ്വ വരും. അവനത്രക്ക് പ്രിയമായിരുന്നു ആ പേന. വാങ്ങാൻ മറന്നു പോയതാകും അവൻ. ഒരുപക്ഷേ അവൻ മനപ്പൂർവം വാങ്ങാതെ പോയതാകുമോ.. എനിക്ക് സമ്മാനിച്ചതാകുമോ..?!

മാനം ഇരുട്ട് വിഴുങ്ങിത്തുടങ്ങി. വേനൽ ചൂടിൽ വീർത്ത് നിന്നിരുന്ന മേഘശകലങ്ങൾ കാറ്റിന്റെ പിടിവലിയിൽ കൂട്ടിമുട്ടി മിന്നിമറയുന്നു. പിടിച്ചുനിൽക്കാനാവാതെ അന്തരീക്ഷത്തിൽ മഴത്തുള്ളികൾ! ഇനിയും ജോഷ്വ വരാത്തതെന്താണ്.. ഇരുട്ട് കൂടിക്കൂടി വരുന്നു. ഇനി വീട്ടിലേത്ത് മടങ്ങാതെ തരമില്ല. ജോഷ്വയുടെ ചുവന്ന പാർക്കർ പേന നനയാതെ ഞാനെന്റെ നെഞ്ചോട് ചേർത്തുപിടിച്ചു.

**ഫവാസ്. കെ,** മലപ്പുറം



**ഹനാന തബസ്സും. സി.എം,** ക്ലാസ്- 2
അൻസാർ ഇംഗ്ലീഷ് സ്കൂൾ, പെരുമ്പിലാവ്

ഇന്ത്യയിലെ 29–ാ മത്തെ സംസ്ഥാനം– തെലങ്കാന

# അതുല്യമായ സൗന്ദര്യാനുഭൂതി




സ്നേഹത്തിന്റെ പരിമളം പ്രസരിപ്പിക്കുന്ന മനോഹരമായ കഥയാണ് വേനലും വർഷവും. ഭാഷയുടെ ഭംഗി, അനർഗളമായ ശൈലി. വിവിധ ഭാവങ്ങളെ വായനക്കാരുടെ ഹൃദയത്തിൽ സന്നിവേശിപ്പിക്കുന്ന സർഗാത്മകത. ഇതെല്ലാം കൊണ്ട് അതുല്യമായ സൗന്ദര്യാനുഭൂതി നൽകുന്നു ഈ കഥ.

ജോഷോയുടെ പേനയുമായ് കാത്തു നിൽക്കുന്ന കഥാകാരനും ഒരിക്കലും വരാത്ത ജോഷോയും നമ്മുടെ മനസ്സിൽ നിന്ന് ഒരിക്കലും മാഞ്ഞുപോവില്ല.

സസ്നേഹം
**മാഷ്**



**അൻഷ ടി,** ക്ലാസ്- 1
അൽ മദ്രസത്തുൽ ഇസ്‌ലാമിയ, അരിപ്ര



**ഫഹ്മി അയ്ഷ എഫ്,** ക്ലാസ്- 1
സെന്റ് ആന്റണീസ് സി.ഇ.എം.എൽ.പി സ്കൂൾ, എറണാകുളം



**അനസ് ടി,** ക്ലാസ്- 8
അൽ മദ്രസത്തുൽ ഇസ്‌ലാമിയ, അരിപ്ര



**ബർസ റുഖിയ്യ കെ.എം,** ക്ലാസ്- 3
വി.എം പബ്ലിക് സ്കൂൾ, മുവാറ്റുപുഴ

തിരഞ്ഞെടുക്കപ്പെട്ട രാജാവ് ഭരണം നടത്തുന്ന രാജ്യം- മലേഷ്യ